പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(ഹയർസെക്കൻ്ററി വിഭാഗം)
ജഗതി, തിരുവനന്തപുരം-14
E-mail: dirdhse.dge@kerala.gov.in
Phone No.: 0471 2580759

**നം: HSE/12161/2025-Ad C6** **തീയതി :14-07-2025**

# <u>സർക്കുലർ</u>

വിഷയം :- പൊതുവിദ്യാഭ്യാസം - ഹയർ സെക്കൻഡറി വിഭാഗം - ജീവനക്കാര്യം - ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകരുടെ **2025-2026** വർഷത്തെ പൊതുസ്ഥലംമാറ്റത്തെ തുടർന്നുള്ള അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫർ - പ്രൊഫൈൽ അപ്ഡേഷൻ- സംബന്ധിച്ച്.

സൂചന :-
1. **02.03.2019** ലെ സ.ഉ.(സാധാ) നം. **838/2019**/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.
2. **09.04.2025**ലെ സ.ഉ.(സാധാ) നം.**2592/2025**/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.
3. **07.04.2025-**ലെ **HSE/3693/2025-ADC6**നമ്പർ സർക്കുലർ
4. **25.05.2025** ലെ **HSE/3698/2025-Ad C6** സർക്കുലർ

സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അധ്യാപകരുടെ **2025-2026** വർഷത്തെ പൊതുസ്ഥലമാറ്റം സൂചന **1, 2** ഉത്തരവുകളുടെ തുടർച്ചയായി സൂചന **4** പ്രകാരം നടപ്പാക്കിയിരുന്നു. പൊതു സ്ഥലംമാറ്റത്തിന് ശേഷം നിലനില്ക്കുന്ന ഒഴിവുകളിലേയ്ക്ക് **2025-2026** ലെ അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫറിന് മുന്നോടിയായി പ്രൊഫൈൽ അപ്ഡേഷന് ഓൺലൈൻ ആയി **14/07/2025** മുതൽ **17/07/2025** വരെ **www.dhsetransfer.kerala.gov.in** എന്ന പോർട്ടൽ മുഖേന പൂർത്തിയാക്കേണ്ടതാണ്.

## 1. <u>പൊതു നിർദേശങ്ങൾ</u>

1. അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫർ അപേക്ഷ സമർപ്പിക്കുന്നവരും **2025-2026** ലെ പൊതുസ്ഥലമാറ്റത്തിനുശേഷം പുതുതായി നിയമിതരായവരും നിർബന്ധമായും പ്രൊഫൈൽ പരിശോധിക്കേണ്ടതും അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.
2. ഇപ്രകാരം **Profile** പരിശോധിക്കുമ്പോൾ തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട രേഖകളോടെ പ്രിൻസിപ്പലിന്റെ പരിശോധനക്കായി പോർട്ടലിൽ നൽകേണ്ടതാണ്.

3. പ്രിൻസിപ്പൽമാർ ഓരോ അധ്യാപകന്റേയും **Profile** തിരുത്തലിനുള്ള അപേക്ഷ പരിശോധിച്ച് മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അവ വരുത്തി കൃത്യമാക്കേണ്ടതാണ്.
4. പ്രിൻസിപ്പാളിന്റെ പരിശോധനയും, തിരുത്തലും, ചേർക്കലും കഴിഞ്ഞതിനു ശേഷം അധ്യാപകർ അവരുടെ **Profile** '**confirm**' ചെയ്യേണ്ടതാണ്. ഇങ്ങനെ **Profile confirm** ചെയ്തതിനുശേഷം മാത്രമേ അധ്യാപകർക്ക് അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫറിന് അപേക്ഷ സമർപ്പിക്കാൻ അവകാശമുണ്ടാവുകയുള്ളൂ.
5. അധ്യാപകർ **MY Profile** വഴി ആവശ്യപ്പെടുന്ന തിരുത്തലുകൾ പരിശോധിച്ച് അവ അപ്ഡേറ്റ് ചെയ്യുന്നതോടൊപ്പം പ്രിൻസിപ്പൽമാർ താഴെപ്പറയുന്ന കാര്യങ്ങൾകൂടി ഉറപ്പാക്കേണ്ടതാണ്.
    - എല്ലാ അധ്യാപകരും ട്രാൻസ്ഫർ സൈറ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം. ഇല്ലാത്തപക്ഷം ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
    - എല്ലാ അധ്യാപകരുടേയും **Posting Status (Conditional/Normal/Excess)** കൃത്യമാണെന്ന് ഉറപ്പാക്കേണ്ടതാണ്.
    - പ്രൊഫൈലിൽ പിന്നീട് വരുന്ന പിശകുകൾ പരിഗണിക്കുന്നതല്ല.
    - വിവിധ കാരണങ്ങളാൽ സ്കൂളിൽ നിന്നും റിലീവ് വേക്കൻസി അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
    - അധ്യാപകരുടെ **Service Details** അപ്ഡേറ്റ് ചെയ്യേണ്ടതാണ്. (പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **07.04.2025**-ലെയും, **16.04.2025** ലെയും **HSE/3693/2025-AD C6** നമ്പർ സർക്കുലറുകൾ പ്രകാരം)
    - അതത് സ്കൂളിലെ അധ്യാപകർ സമർപ്പിക്കുന്ന വിവരങ്ങൾ കൃത്യമാണ് എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടത് പ്രിൻസിപ്പൽമാർ അല്ലെങ്കിൽ പ്രിൻസിപ്പലിന്റെ ചാർജുള്ള ആൾ ആണ് എന്നതിനാൽ പൂർണ്ണ ഉത്തരവാദിത്തത്തോടെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് പ്രിൻസിപ്പൽമാർ അവരുടെ ലോഗിനിൽ ഈ പ്രവർത്തനം പൂർത്തിയാക്കേണ്ടതാണ്.
6. പ്രിൻസിപ്പൽ ഇല്ലാത്ത സ്കൂളുകളിൽ **Principal in charge** ന്റെ **Id** യിൽ നിന്നു തന്നെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. **Principal in charge** ആയിട്ടുള്ള അധ്യാപകന് **Institutional Level Approver Id** ഇല്ലായെങ്കിൽ ആയത് ലഭ്യമാകുന്നതിനായി **Principal in charge** ന്റെ പേര്, പെൻ, വിഷയം, സ്കൂൾ കോഡ് എന്നിവ സഹിതം ഡയറക്ടറേറ്റിലേയ്ക്ക് അടിയന്തിരമായി അറിയിക്കേണ്ടതാണ്.
7. നിശ്ചിത പോർട്ടൽവഴി നൽകുന്ന വിവരങ്ങൾ മാത്രമേ **Profile Update** ചെയ്യുന്നതിന് പരിഗണിക്കൂ. ഇ-മെയിൽ ഐ.ഡി.-കൾ വഴിയോ, അല്ലാതെയോ ഡയറക്ടറേറ്റിലേക്ക് നൽകുന്ന പരാതികളും അപേക്ഷകളും പരിഗണിക്കുന്നതല്ല.
8. പോർട്ടലിൽ വിവരങ്ങൾ നല്കുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക സംശയങ്ങൾ പരിഹരിക്കാൻ കൈറ്റിന്റെ ഹെൽപ്പ് സംവിധാനം (ഇ-മെയിൽ

**dhsetransfer@kite.kerala.gov.in** പ്രയോജനപ്പെടുത്താവുന്നതാണ്.

9. **25.05.2025** ൽ നടപ്പിലാക്കിയ പൊതുസ്ഥലംമാറ്റത്തിനു ശേഷം നിലവിൽ വന്നിട്ടുള്ള **conditional** ഒഴിവുകളുടെയും നിലവിലുള്ള ഓപ്പൺ വേക്കൻസികളുടെയും ലിസ്റ്റ് സൈറ്റിൽ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.
10. അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫർ അപേക്ഷ സമർപ്പണം തുടങ്ങിക്കഴിഞ്ഞാൽ പിന്നിട് പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യുന്നതിന് കഴിയാത്തതിനാൽ **2025** ജൂലൈ **1 7** ന് തന്നെ ഈ പ്രക്രിയ പൂർത്തിയാക്കേണ്ടതാണ്. തെറ്റായി വിവരങ്ങൾ നൽകുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി**

Signed by
Santhosh Kumar .r
Date: 14-07-2025 13:22:16